## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 5532** 01.07.2019-ൽ മറുപടിയ്ക്ക്

### സഹകരണ ആശുപത്രികളുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ.ജോർജ് എം. തോമസ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ രജിസ്ട്രേഷനുള്ള 97 സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | ആകെ | ലാഭത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | തിരുവനന്തപുരം | 4 | 1 |
| 2 | കൊല്ലം | 7 | 1 |
| 3 | പത്തനംതിട്ട | 2 | - |
| 4 | ആലപ്പുഴ | - | - |
| 5 | കോട്ടയം | 3 | 2 |
| 6 | ഇടുക്കി | 2 | - |
| 7 | എറണാകുളം | 5 | - |
| 8 | തൃശ്ശൂർ | 7 | - |
| 9 | പാലക്കാട് | 3 | 1 |
| 10 | മലപ്പുറം | 10 | 3 |
| 11 | കോഴിക്കോട് | 26 | 3 |
| 12 | വയനാട് | - | - |
| 13 | കണ്ണൂർ | 23 | 1 |
| 14 | കാസറഗോഡ് | 5 | - |
| | ആകെ | 97 | 12 |

| | |
|---|---|
| (ബി) സഹകരണ ആശുപത്രികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. ആശുപത്രി സഹകരണ സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ലാത്തതിനാൽ ഭാരിച്ച വാടക നൽകി വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പരിശോധനാ ഫീസും ചികിത്സാനിരക്കും കാലഘട്ടത്തിനനുസൃതമായി വർദ്ധിപ്പിക്കാത്തതും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള ഭാരിച്ച ചെലവും, മറ്റ് സ്വകാര്യ ആശുപത്രികളോട് കിടപിടിക്കത്തക്ക വിധത്തിലുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഫണ്ടുകളുടെ അഭാവവുമാണ് ചില സഹകരണ ആശുപത്രികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള കാരണം. |
| (സി സഹകരണ ആശുപത്രികളുടെ നഷ്ടം നികത്തി അവയെ ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ ആശുപത്രികളുടെ നഷ്ടം നികത്തുന്നതിന് നിലവിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**